

**"നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക."**

## ജൂലായ് 2015 : വിചിന്തനം -മത്തായി 6 :6

"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുത്. അവർ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലും നിന്നു പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ, നീ പ്രാർത്ഥിക്കുമ്പോൾ നിൻെറ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിൻെറ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും. പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർഥന കേൾക്കുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. നിങ്ങൾ ചോദിക്കുന്നതിനുമുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു." (മത്തായി 6 :5 -9)

ദൈവം, സമീപിക്കാനാവാത്ത പ്രകാശത്തിൽ വസിക്കുന്നവൻ, തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തുന്നത് സ്നേഹം ആയിട്ടാണ്. നമ്മുടെ തകർച്ചയിലും പരിഭ്രാന്തിയിലും ദൈവത്തിൽ നിന്ന് അകലെയായിരുന്ന നമ്മുടെ പക്കലേക്ക് ദൈവസ്നേഹം എത്തിച്ചേർന്നിരിക്കുന്നു. കാരണം, "യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് പാപികളെ രക്ഷിക്കാനാണ്... പാപികളിൽ ഒന്നാമനാണു ഞാൻ"(1 തിമോ 1 :15) അതിനാൽ നമ്മെ സദാ ആർദ്രതയോടും കരുണയോടും കൂടെ വീക്ഷിക്കുന്ന ദൈവത്തിങ്കേല്ക്ക് നമ്മുടെ കണ്ണുകൾ ഉയർത്താം." നാം നമ്മോട് അടുത്തായിരിക്കുന്നതിനേക്കാൾ കൂടുതലായി ദൈവം നമ്മോട് അടുത്തിരിക്കുന്നു"(വിശുദ്ധ അഗസ്തീനോസ്). നമ്മെ സമീപിക്കുന്ന ഈ ദൈവത്തെ, സമീപിക്കാൻ പ്രാർത്ഥനയിലൂടെ നമ്മുക്ക് യത്നിക്കാം.

ഈ മാസം പ്രാർത്ഥനയെന്ന അടിസ്ഥാനത്തിൽ ആഴപ്പെടുന്നതിൽ നമുക്കു ശ്രദ്ധ പതിപ്പിക്കാം.*കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക*. ദൈവത്തിലേക്കുള്ള വാതിൽ നമുക്കായി തുറന്നുതരുന്ന യേശു, ഒരു സ്നേഹബന്ധത്തിലെന്നപോലെ പ്രാർത്ഥനയിൽ ദൈവവുമായി സംഭാഷണത്തിലേർപ്പെടാനും നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണ് ദിവ്യപ്രബോധനമനുസരിച്ച് ***ഞങ്ങളുടെ പിതാവേ*** എന്നു വിളിച്ച് പ്രാർത്ഥിക്കാൻ നാം ധൈര്യപ്പെടുന്നത്. അവിടുന്ന് ഇത് നമ്മെ പഠിപ്പിക്കുക മാത്രമല്ല; പുത്ര

സ്വീകാര്യത്തിന്റെ ആത്മാവിനെ നമുക്ക് നല്കുകയും ചെയ്യുന്നു. ആത്മാവാകട്ടെ, നാം സത്യമായും ദൈവത്തിന്റെ പുത്രീപുത്രൻമാരാണെന്ന് നമ്മുടെ അഗാധതലങ്ങളിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ***കർത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പൂരിതരാക്കണമെ.*** ദൈവത്തെ പിതാവായി സ്നേഹിക്കാനും പുത്രനിർവിശേഷമായ വാത്സല്യത്തോടെ "ആബ്ബാ പിതാവേ" (റോമ 8:15) എന്നു വിളിക്കാനും പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളെ പ്രചോദിപ്പിക്കുന്നു.

അപ്പോൾ, പ്രാർത്ഥനയെന്നത്, സ്നേഹത്തിൽ ദൈവത്തെ സമീപിക്കുന്നതാണ്; അവിടുത്തെ തിരുസന്നിധിയിൽ നമ്മെത്തന്നെ വയ്ക്കുന്നതാണ്; നമുക്കായി ദാഹിക്കുന്ന ദൈവത്തിനായി ദാഹിക്കുന്നതാണ്. എന്നാൽ, പ്രാർത്ഥന പലപ്പോഴും മറ്റെന്തൊക്കെയോ: ഒരു പ്രകടനമോ, മിഥ്യാഭക്തി അനുഷ്ഠാനമോ, വളരെയധികം വാക്കുകൾ ഉപയോഗിച്ച് ദൈവത്തെ ബോധ്യപ്പെടുത്താമെന്നു കരുതിയുള്ള വാക്കുകളുടെ മഹാപ്രവാഹമോ ആയി മാറുന്നു. അതുകൊണ്ട് യേശു ഇക്കാര്യത്തിൽ ദൃഢമായ ഒരു പ്രബോധനമാണ് നൽകുന്നത്. "അവരുടെ അമിതഭാഷണം മൂലം അവർ ശ്രവിക്കപ്പെടുമെന്ന് അവർ കരുതുമെങ്കിലും" ഇത്തരം പ്രാർത്ഥന പ്രാർത്ഥനയല്ല.

പ്രാർത്ഥനയിൽ നമ്മെത്തന്നെ ദൈവത്തിലേക്ക് എത്തിക്കുകയെന്നത് എപ്പോഴും എളുപ്പമല്ല. നമ്മുടെ ജോലിയിലും ശുശ്രൂഷാ നിർവഹണത്തിലും, സുഖങ്ങളിലും ആകുലതകളിലും, ബന്ധങ്ങളിലും, ബന്ധങ്ങൾ നിലനിർത്തുന്നതിലുള്ള പോരാട്ടങ്ങളിലും ഒക്കെ നാം നമ്മെ ആഴമായി നിക്ഷേപിച്ചിരിക്കുന്നു. പല കാര്യങ്ങളിലായി നാം "*ചിതറിക്കപ്പെട്ട്*" കഴിയുകയാണ്. എന്നാൽ, ദൈവം പല കാര്യങ്ങളിൽ ഒന്ന് മാത്രമാവാൻ പാടില്ല; എന്തെന്നാൽ, "ആവശ്യമുള്ള ഒന്നു മാത്രം" (ലൂക്കാ 10 : 42) ആണ് അവിടുന്ന്. പ്രാർത്ഥനയിൽ ദൈവത്തെ സമീപിക്കുന്നതിന് **'ഒന്നു'**മാത്രമായിരിക്കുന്ന അവിടുത്തോട് ആദരപൂർവ്വം ചേർന്നു നില്ക്കുന്നതിനുവേണ്ടി, **'പലവിധ'** കാര്യങ്ങളിൽ നിന്ന് നാം പിൻവാങ്ങണം. തിരുസന്നിധിയിൽ നമ്മെത്തന്നെ വയ്ക്കുന്നതിന്, നാം നമ്മെത്തന്നെ ഒരുമിച്ചുകൂട്ടണം. നാം ഉള്ളിലെ മുറിയിൽ പോകണം; നാം വാതിൽ അടയ്ക്കുകയും വേണം. യഥാർത്ഥ പ്രാർത്ഥന ഉത്ഭവിക്കുന്നത് ***ഹൃദയത്തിൽ*** നിന്നാണെന്ന് പറയപ്പെടുന്നു. "ഹൃദയം ഞാൻ ആയിരിക്കുന്ന, ഞാൻ വസിക്കുന്ന (സെമിറ്റിക്ക് ഭാഷയുടെ അഥവാ വിശുദ്ധ ഗ്രന്ഥത്തിന്റെ ശൈലിയിൽ'ഞാൻ ഇറങ്ങിവരുന്ന') ആലയമാണ്. നമ്മുടെയും മറ്റുള്ളവരുടെയും യുക്തിക്കതീതമായ നിഗൂഢകേന്ദ്രമാണ് അത്. ദൈവത്തിന്റെ ആത്മാവിനു മാത്രമേ അതിന്റെ ആഴം അളക്കാനും അതിനെ അറിയാനും സാധിക്കുകയുള്ളൂ".(ക.സ.മ. 2563)

യഥാർത്ഥ പ്രാർത്ഥന ഹൃദയത്തിൽ നിന്നുള്ളതാണെന്ന വസ്തുത നമ്മിൽ നിന്ന് മറയുമ്പോൾ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ അലംഭാവം കാട്ടാനുള്ള ചായ്വ് ഉണ്ടാകും. ദൈവസന്നിധിയിലേക്ക് നമ്മുടെ ഹൃദയങ്ങൾ കൊണ്ടുവരാൻ യത്നിക്കുന്നതിനു പകരം, നമ്മുടെ ശരീരം ഒരു വിശുദ്ധസ്ഥലത്തേക്കോ, അല്പനേരത്തേക്ക് ഭക്തി നിറഞ്ഞ ശാരീരികനിലയിലേക്കോ കൊണ്ടുവരുന്നതിൽ നാം തൃപ്തരാകും. നിശബ്ദതയുടെയും ചിന്തകളുടെയും അല്പനേരം കൊണ്ട് നാം തൃപ്തരായേക്കാം. ഇത് ഒരു ചിട്ടയെന്ന നിലയിൽ വിലയിടിച്ചു കാണാതിരിക്കുമ്പോൾ പോലും, "നമ്മുടെ ഹൃദയം ദൈവത്തിൽ നിന്ന് അകലെയാണെങ്കിൽ, പ്രാർത്ഥനപ്രകടനം വ്യർത്ഥമാണ്".(ക.സ.മ. 2562) നാം ദൈവത്തിന്റെ ചാരത്തണയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ "*രഹസ്യത്തിലായിരിക്കുന്ന പിതാവ്*", സ്നേഹത്തിന്റെ രഹസ്യ ഉള്ളറകളിൽ നമ്മോടൊത്ത് സമയം ചിലവഴിക്കുവാൻ തീവ്രമായി ആഗ്രഹിക്കുന്നു. അതിനാൽ പ്രാർത്ഥനയിൽ അവിടുത്തെ പക്കൽ ആയിരിക്കുവാൻ നാം **യത്നിക്കണം.**

ജീവിതത്തിന്റെ അസംഖ്യം കാര്യങ്ങളിലായി വളരെ എളുപ്പത്തിൽ നാം ചിതറിക്കപ്പെടുന്നുവെന്നതാണ് എപ്പോഴും പ്രാർത്ഥനയിലെ പോരാട്ടം. ദൈവസന്നിധിയിൽ നമ്മുടെ ഹൃദയങ്ങൾ സുസ്ഥിരമായി നിലനിർത്തുക പ്രയാസകരമാണ്. എന്നിരുന്നാലും, "*പൊള്ളയായ പദപ്രയോഗങ്ങളുടെ*" ഒരു പ്രാർത്ഥനാ ജീവിതം കൊണ്ട് നാം തൃപ്തരാവാൻ തക്കവണ്ണം ഈ പോരാട്ടം നമ്മെ ഭഗ്നാശരാക്കരുത്. വിശുദ്ധ ഫ്രാൻസിസ് ഡി സാലെസ് വിവേകപൂർവ്വം പ്രബോധിപ്പിക്കുന്നതിതാണ്; "നിങ്ങൾ പ്രാർത്ഥനയിലായിരിക്കുമ്പോൾ, മറ്റൊന്നും ചെയ്തില്ലെങ്കിലും നിങ്ങളുടെ ഹൃദയം വീണ്ടും വീണ്ടും ദൈവസന്നിധിയിലേക്ക് മടക്കികൊണ്ടുവരാൻ ശ്രമിക്കുക - നിങ്ങൾ ഓരോ തവണ മടക്കി കൊണ്ടുവരുമ്പോഴും അത് തിരികെ പോയാൽ പോലും നിങ്ങളുടെ പ്രാർത്ഥനാസമയം നന്നായി ചിലവഴിക്കപ്പെടുന്നു."

*പിതാവിന്റെ സ്നേഹത്തിന് നമുക്കു പ്രത്യുത്തരമേകാം.*

*കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെ.*

*അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെ.*